15 -ാം കേരള നിയമസഭ

5 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2103 | 06-07-2022 - ൽ മറുപടിയ്ക്ക്

എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ആശുപത്രികളിൽ ചെലവഴിച്ച തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് നീക്കിവെച്ച തുക വിനിയോഗിച്ച് ചങ്ങനാശ്ശേരി മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ചങ്ങനാശ്ശേരി മണ്ഡലത്തിൽ, ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിക്ക് ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് തടസ്സമില്ലാതെ വൈദ്യതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി 36.53 ലക്ഷം രൂപ ചെലവഴിച്ച് ജനറേറ്റർ സ്ഥാപിച്ചു. 26-07-2021 ലെ G.O(Rt)No. 1555/2021/H&FWD പ്രകാരം ഒരു നിയോജക മണ്ഡലത്തിലെ ഒരു ആശുപത്രിയിൽ 10 ബെഡ്ഡുകളുള്ള ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾക്കുമായി എം.എൽ.എ ഫണ്ടിൽ നിന്നും 50 ശതമാനവും കിഫ്ബി ഫണ്ടിൽ നിന്നും 50 ശതമാനവും ചേർത്ത് ആകെ ഒരു കോടി എഴുപത്തൊമ്പത് ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ സചിവോത്തമപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രമാണ് ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി പരിഗണിച്ചിട്ടുള്ളത്. നിലവിൽ പ്ലിന്ത് ബീം കോൺക്രീറ്റിനായുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. |
| (ബി) | വികസന പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ആശുപത്രികളിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ചങ്ങനാശ്ശേരി മണ്ഡലത്തിൽ, ജനറൽ ആശുപത്രി, ചങ്ങനാശ്ശേരിക്ക് ഓക്സിജൻ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിന് തടസ്സമില്ലാതെ വൈദ്യതി ലഭ്യമാക്കുന്നതിന്റെ ഭാഗമായി 36.53 ലക്ഷം രൂപ ചെലവഴിച്ച് ജനറേറ്റർ സ്ഥാപിച്ചു. 26-07-2021 ലെ G.O(Rt)No. 1555/2021/H&FWD പ്രകാരം ഒരു നിയോജക മണ്ഡലത്തിലെ ഒരു ആശുപത്രിയിൽ 10 ബെഡ്ഡുകളുള്ള ഐസോലേഷൻ വാർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കും ഉപകരണങ്ങൾക്കുമായി എം.എൽ.എ ഫണ്ടിൽ |

| | | | |
|---|---|---|---|
| | | | നിന്നും 50 ശതമാനവും കിഫ്ബി ഫണ്ടിൽ നിന്നും 50 ശതമാനവും ചേർത്ത് ആകെ ഒരു കോടി എഴുപത്തൊമ്പത് ലക്ഷം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിരിക്കുന്നത്. ചങ്ങനാശ്ശേരി മണ്ഡലത്തിലെ സചിവോത്തമപുരം സാമൂഹ്യ ആരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി പരിഗണിച്ചിട്ടുള്ളത്. നിലവിൽ പ്ലിന്ത് ബീം കോൺക്രീറ്റിനായുള്ള പ്രവർത്തികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ